# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 3760

19.03.2018–ൽ മറുപടിയ്ക്ക്

## തൃശ്ശൂർ – എടപ്പള്ളി റൂട്ടിലെ ടോൾ പിരിവ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഡി.കെ. മുരളി | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) തൃശ്ശൂർ – എടപ്പള്ളി റൂട്ടിൽ വിവിധ വാഹനങ്ങൾക്കായി ഏർപ്പെടുത്തിയിരിക്കുന്ന ടോൾ നിരക്ക് എത്രയൊക്കെയെന്ന് വിശദമാക്കാമോ; | (എ) തൃശ്ശൂർ – എടപ്പള്ളി റൂട്ടിൽ വിവിധ വാഹനങ്ങൾക്കായി 01.09.2017 മുതൽ 31.08.2018 വരെ ഏർപ്പെടുത്തിയിരിക്കുന്ന ടോൾ നിരക്ക് സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. ലോക്കൽ ട്രാഫിക്ക് കാറ്റഗറി 1–ൽ ടോൾ പ്ലാസയുടെ 10കി.മീ. ചുറ്റളവിൽ താമസിക്കുന്നവർക്ക് ഓരോ മാസത്തിലുമുള്ള ഡിസ്കൗണ്ട് ചെയ്യപ്പെട്ട പാസ്സിന്റെ നിരക്ക് 150 രൂപയും, ലോക്കൽ ട്രാഫിക് കാറ്റഗറി 2–ൽ ടോൾ പ്ലാസയുടെ 10 മുതൽ 20 കി.മീ. ചുറ്റളവിൽ താമസിക്കുന്നവർക്ക് ഓരോ മാസത്തിലുമുള്ള ഡിസ്കൗണ്ട് ചെയ്യപ്പെട്ട പാസിന്റെ നിരക്ക് 300 രൂപയുമാണ്. |
| (ബി) ഈ നിരക്ക് അമിതമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (ബി) കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ ടോൾ ഫീ നിയമ പ്രകാരമാണ് നിരക്കുകൾ നിശ്ചയിച്ചിട്ടുള്ളത്. |
| (സി) പ്രസ്തുത ടോൾ പിരിവ് എന്നു മുതൽ തുടങ്ങിയെന്നും ഇനി എത്ര നാളത്തേയ്ക്ക് കൂടി വേണ്ടിവരുമെന്നും വ്യക്തമാക്കുമോ? | (സി) തൃശ്ശൂർ – എടപ്പള്ളി റൂട്ടിൽ ടോൾ പിരിവ് 09.02.2012–ൽ തുടങ്ങിയിട്ടുള്ളതും, BOT എഗ്രിമെന്റ് പ്രകാരം ടോൾ പിരിവ് 21.06.2028 വരെ തുടരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| വാഹനം | ഒരു വശത്തേയ്ക്കുള്ള നിരക്ക് (രൂപയിൽ) | ഒരു ദിവസം ഒന്നിൽ കൂടുതൽ തവണ സഞ്ചരിക്കുന്നതിനുള്ള നിരക്ക്(രൂപയിൽ) | മാസ നിരക്ക്(രൂപയിൽ) |
|---|---|---|---|
| കാർ, വാൻ, ജീപ്പ് | 70 | 105 | 2065 |
| ലൈറ്റ് കൊമേഷ്സ്യൽ വെഹിക്കിൾ(LCV) | 120 | 180 | 3610 |
| ബസ്സ്, ട്രക്ക് | 240 | 360 | 7225 |
| മൾട്ടി ആക്സിൽ വെഹിക്കിൾ MAV (>2Axle) | 385 | 580 | 11610 |

സെക്ഷൻ ഓഫീസർ